
മലയാള മനോരമ

05 November 2025

# ഉപഗ്രഹ അധിഷ്ഠിത സമുദ്ര പഠനം അനിവാര്യം: ഡോ. സോമനാഥ്

▸▸ ആഗോള മറൈൻ സിംപോസിയം ഉദ്ഘാടനം ചെയ്തു



എറണാകുളം സിഎംഎഫ്ആർഐയിൽ രാജ്യാന്തര മറൈൻ സിംപോസിയം ഐഎസ്ആർഒ മുൻ ചെയർമാൻ ഡോ. എസ്. സോമനാഥ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. ഗ്രിൻസൺ ജോർജ്, ഡോ. എ. ഗോപാലകൃഷ്ണൻ, ഡോ. വിജയകുമാർ ബെഹ്റ, ഡോ. ജെ.കെ. ജെന എന്നിവർ സമീപം.

കൊച്ചി● മത്സ്യ മേഖലയിൽ ഉപഗ്രഹ അധിഷ്ഠിത സമുദ്ര പഠനം അനിവാര്യമാണെന്നും സമുദ്ര നിരീക്ഷണ ഉപഗ്രഹങ്ങളുടെ അടുത്ത നിര പരിഗണനയിലാണെന്നും ഐഎസ്ആർഒ മുൻ ചെയർമാൻ ഡോ. എസ്. സോമനാഥ്. സമുദ്ര ഗവേഷണ ദൗത്യത്തിൽ നിർമിത ബുദ്ധി, മെഷീൻ ലേണിങ് സാങ്കേതികവിദ്യകൾ സമുദ്ര ഡേറ്റയുമായി സംയോജിപ്പിച്ച് വിശകലനത്തിനും പ്രവചനങ്ങൾക്കും ഉപയോഗിക്കാം.

സിഎംഎഫ്ആർഐയുമായി സഹകരിച്ച് മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന ആഗോള മറൈൻ സിംപോസിയം (മീകോസ്) ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾചറൽ റിസർച് ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷത വഹിച്ചു. കേന്ദ്ര വിദേശകാര്യ ജോയിന്റ് സെക്രട്ടറി സി.എസ്.ആർ. റാം, ഡോ. പി. കൃഷ്ണൻ, ഡോ ചെർദ്സാക് വിരാപട്, ഡോ ബിജയ് കുമാർ ബെഹ്റ, ഡി.വി. സ്വാമി, ഡോ.എ. ഗോപാലകൃഷ്ണൻ, ഡോ. ഗ്രിൻസൺ ജോർജ് എന്നിവർ പ്രസംഗിച്ചു. ബംഗാൾ ഉൾക്കടൽ അതിർത്തി പങ്കിടുന്ന രാജ്യങ്ങൾ തമ്മിൽ ഗവേഷണ സഹകരണം അനിവാര്യമാണെന്ന് ബിംസ്ടെക് ഇന്ത്യ മറൈൻ റിസർച് നെറ്റ്‌വർക്കിന്റെ (ബിംറെൻ) ആദ്യ പങ്കാളിത്ത സംഗമം അഭിപ്രായപ്പെട്ടു. പൊതു വെല്ലുവിളികളെ ഒറ്റക്കെട്ടായി നേരിടാനും സുസ്ഥിര വളർച്ച ഉറപ്പാക്കാനും സഹകരിച്ചുള്ള പ്രവർത്തനം വേണമെന്നു സംഗമം വിലയിരുത്തി. 'മീകോസി'ന്റെ ഭാഗമായാണു സംഗമം നടത്തിയത്.